(ബി) വില്ലേജ് റോഡ് നിർമ്മാണയിനത്തിൽ എന്തു തുക കൊടുത്തു തീർക്കുവാനുണ്ട്;

(സി) പ്രസ്തുത കുടിശ്ശിക എന്നു മുതലുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ 4,04,73,216 രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 31.3.99 വരെ 5850 ലക്ഷം രൂപയും പാലങ്ങളും നിരത്തുകളും വിഭാഗത്തിൽ 31.3.99 വരെ പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 297.94 കോടി രൂപയും കുടിശ്ശികയായി കരാറുകാർക്ക് കൊടുത്തുതീർക്കുവാനുണ്ട്.

(ബി) വില്ലേജ് റോഡ് നിർമ്മാണത്തിൽ 31.3.99-ൽ 66.08 കോടി രൂപ കുടിശ്ശികയായി കൊടുത്തുതീർക്കുവാനുണ്ട്.

(സി) ഈ ഇനത്തിലുള്ള കുടിശ്ശിക 1.4.97 മുതലുള്ളതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തുതീർക്കുവാനാണ് ഉദ്ദേശിക്കുന്നത്.

94 (238) സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് അലോട്ട്മെന്റ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് അലോട്ട്മെന്റിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് എത്ര സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്., ഹെഡ്ക്വാർട്ടേഴ്സിനു 15 കി.മീ. ചുറ്റളവിൽ ജോലി ചെയ്യുന്നവരും 15 കി.മീ. ചുറ്റളവിൽ സ്വന്തം പേരിലോ, ഭാര്യയുടേയോ, വിവാഹം കഴിയാത്ത മക്കളുടേയോ പേരിലോ വീടില്ലാത്തവരുമായ സ്റ്റേറ്റ് സർവ്വീസിലുള്ള ജീവനക്കാർക്കാണ് സർക്കാർ ക്വാർട്ടേഴ്സിന് അർഹതയുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1404 ക്വാർട്ടേഴ്സുകൾ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

95 (239) രജിസ്ട്രാർ ഓഫീസിന്റെ ജീർണ്ണിച്ച കെട്ടിടം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പുത്തൻകുരിശ് രജിസ്ട്രാർ ആഫീസിന്റെ ജീർണ്ണിച്ച കെട്ടിടം ഏതു സമയത്തും നിലംപതിക്കാവുന്ന സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടം പണിയുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുത്തൻകുരിശ് സബ്രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പഴക്കുമുള്ളതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

96 (240) ചീഫ് എൻജിനീയറുടെ ലംപ്സം പ്രൊവിഷൻ ഉപയോഗിച്ച് വർക്കുകൾ ചെയ്യുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് എൻജിനീയറുടെ ലംപ്സം പ്രൊവിഷൻ ഉപയോഗിച്ച് വർക്കുകൾ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ വർക്കുകളുടെ ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും എത്ര കോടി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കുട്ടനാട്, ഹരിപ്പാട്, കായംകുളം മണ്ഡലങ്ങളിൽ എത്ര കോടി രൂപയുടെ വർക്കുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിൽ ചീഫ് എൻജിനീയറുടെ ലംപ്സം പ്രൊവിഷനിൽപ്പെടുത്തി അത്യാവശ്യവർക്കുകൾ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കു അനുസരണമായി പണികളുടെ അത്യാവശ്യകത നോക്കി അനുവാദം നൽകുകയാണ് ചെയ്യുന്നത്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 133.50 കോടി രൂപയുടെ വർക്കുകൾ ടെണ്ടർ വിളിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഈ ബഡ്ജറ്റ് ഹെഡിൽ 125.385 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിക്കാറില്ല,

(ഡി) പ്രത്യേക നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly